(12) വാരിയം ആദിവാസി കോളനിയിലെ താമസക്കാർക്ക് കണ്ടൻചിറയിൽ ഭൂമി നൽകാൻ നടപടി

ശ്രീ. എൻ. രാജൻ: സർ, എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിൽ വാരിയം ആദിവാസി കോളനി ഏഴ് സെറ്റിൽമെന്റ് ഊരുകൾ ചേർന്നതാണ്. അവർക്ക് വനാവകാശ നിയമമനുസരിച്ചുള്ള ഭൂമി ഇതുവരെയും ലഭിച്ചിട്ടില്ല. കണക്കനുസരിച്ച് ഏകദേശം അഞ്ചേക്കർ മുതൽ പത്ത് ഏക്കർവരെ ഭൂമി ലഭിക്കേണ്ടതാണ്. വന്യമൃഗങ്ങളുടെ നിരന്തര ആക്രമണം മേൽക്കേണ്ടിവരുന്ന വെള്ളവും വെളിച്ചവും യാത്രാസൗകര്യവും ഇല്ലാത്ത ഉൾവനമാണ് വാരിയം പ്രദേശം. വാരിയത്തെ ചേമ്പുകണ്ടം, വെട്ടുവര, കൂടല തുടങ്ങിയ ഊരുകളിൽ താമസിക്കുന്ന മുഴുവൻ ആദിവാസികളും കാട്ടാനകളുടെ ആക്രമണത്തെ ഭയന്ന് സ്ഥലംവിടുകയും പുയംകുട്ടി നദിയുടെ കരയിൽ കണ്ണമ്പാറയിൽ താമസിക്കുകയുമാണ്. ഈറ്റ, മുള എന്നിവ ഉപയോഗിച്ചാണ് 65 താൽക്കാലിക കുടിലുകൾ കെട്ടിയിരിക്കുന്നത്. മഴ വന്നാൽ ഒലിച്ച് ആറ്റിലേയ്ക്ക് പോകുന്ന തരത്തിൽ വളരെ അപകടകരമായ നിലയിലാണ് ഈ കുടിലുകൾ സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ താമസിക്കുന്ന പുയംകുട്ടി നദിക്ക് സമീപം പത്ത് ഏക്കറൊന്നും വേണ്ട, അവർക്ക് ഒരഞ്ചോ മൂന്നോ ഏക്കർ ഭൂമി കൊടുക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലുമൊക്കെ രണ്ടു മൂന്ന് ചർച്ചകൾ നടത്തി തത്വത്തിൽ ഇത് അംഗീകരിച്ച് ഇതിനെക്കുറിച്ച് പരിശോധിക്കാൻ വനം വകുപ്പിനെയും പട്ടികജാതി/ പട്ടികവർഗ വികസന വകുപ്പിനെയും ഏൽപ്പിച്ചതാണ്. ഇതുവരെ ഇവരുടെ തീരുമാനങ്ങളൊന്നും നടപ്പിലായിട്ടില്ലായെന്നുകൂടി ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്.

വനവും പരിസ്ഥിതിയും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ.പി. രാജേന്ദ്രൻ): സർ, എറണാകുളം ജില്ലയിൽ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയം ആദിവാസി കോളനിയിലെ ആദിവാസികൾക്ക് വനാവകാശ നിയമമനുസരിച്ചുള്ള ഭൂമി ലഭിക്കണമെന്നും മൂന്ന് ഊരുകളിലെ ആദിവാസികളെ പുയംകുട്ടി നദിയുടെ കരയിൽ കണ്ടൻചിറ എന്ന സ്ഥലത്ത് വനഭൂമിയിൽ മാറ്റിപാർപ്പിക്കണമെന്നുമാണ് ഈ സബ്മിഷനിലൂടെ ശ്രീ. എൻ. രാജൻ ആവശ്യപ്പെട്ടത്. ഈ വിഷയവുമായി ബന്ധപ്പെട്ട് 11-8-2009-ൽ എറണാകുളത്തുവച്ച് ബന്ധപ്പെട്ടവരുടെ ഉന്നതതല യോഗം ചേർന്നിരുന്നു. എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ വാരിയം ആദിവാസി കോളനിയിലെ ആദിവാസികളുടെ പുനരധിവാസം സംബന്ധിച്ച് വളരെ വിശദമായി അവർ ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തു. പട്ടികവർഗ്ഗ ക്ഷേമവകുപ്പും ഗ്രാമപഞ്ചായത്തും ചേർന്ന് വാരിയം ആദിവാസി കോളനിയിലെ ആദിവാസികളുടെ വനാവകാശ നിയമപ്രകാരമുള്ള അവകാശങ്ങൾ 2009 ഡിസംബർ 31-നുമുമ്പ് സെറ്റിൽ ചെയ്യണമെന്നും അതിനുശേഷം ആദിവാസികളുടെ സമ്മതപ്രകാരം ഗ്രാമസഭയുടെ അംഗീകാരത്തോടെ വാരിയം സെറ്റിൽമെന്റ് നിവാസികളെ സൗകര്യപ്രദമായ വനപ്രദേശത്ത് മാറ്റിപാർപ്പിക്കാനുള്ള ഒരു പ്രൊപ്പോസൽ പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

വികസന വകുപ്പ് തയ്യാറാക്കണമെന്നും ഇപ്രകാരം തയ്യാറാക്കുന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് വനംവകുപ്പിന് സമർപ്പിക്കേണ്ടതാണെന്നുമാണ് തീരുമാനം. വനംവകുപ്പ് യോഗ്യതയുടെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിക്ക് അംഗീകാരം നൽകുകയും ഓരോ കോളനിയും പൂർണ്ണമായി മാറ്റിപാർപ്പിക്കുന്ന തരത്തിലായിരിക്കണം ഇത് തയ്യാറാക്കേണ്ടതെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് വനംവകുപ്പ് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതാണ്.

(13) തൃക്കരിപ്പൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, എന്റെ മണ്ഡലത്തിലെ തൃക്കരിപ്പൂരിൽ 1957-ൽ ഇ.എം.എസ്. ഗവൺമെന്റ് ഒരു ഡിസ്പെൻസറി അനുവദിച്ചിരുന്നു. 1996-ൽ നായനാർ സർക്കാർ അതിനെ സി.എച്ച്.സി.-യായി ഉയർത്തി. ആറോളം പഞ്ചായത്തുകളിലെ ജനങ്ങൾ ആശ്രയിക്കുന്ന ഈ സി.എച്ച്. സി.-യിൽ ശരാശരി മുപ്പതോളം പ്രസവങ്ങളും പന്ത്രണ്ടോളം സിസേറിയനും എട്ടോളം ഗർഭപാത്രം നീക്കം ചെയ്യൽ ശസ്ത്രക്രിയകളും നടത്തിയിരുന്നു. സ്പെഷ്യൽ ആക്ടിംഗ് കേഡർ നടപ്പിലാക്കിയ സന്ദർഭത്തിൽ ഇവിടത്തെ പ്രധാനപ്പെട്ട ഡോക്ടർമാരെയെല്ലാംതന്നെ സ്ഥലംമാറ്റി. 13-09-2010-ലെ സർക്കാർ ഉത്തരവുപ്രകാരം ഈ സി.എച്ച്.സി.-ക്ക് താലൂക്ക് ഹോസ്പിറ്റൽ സ്റ്റാറ്റസ് നൽകിയെങ്കിലും ആവശ്യമായ ഡോക്ടർമാരെ നിയമിച്ചില്ല. ഇപ്പോൾ ഈ അടുത്ത അവസരത്തിൽ ഒരു ലേഡീഡോക്ടറെ (ഗൈനക്കോളജിസ്റ്റ്) അവിടെ നിയമിച്ചെങ്കിലും അങ്ങേയറ്റം മനുഷ്യത്വരഹിതമായിട്ടുള്ള സമീപനമാണ് അവിടെവരുന്ന രോഗികളോട് അവർ സ്വീകരിക്കുന്നത്. ഇവിടെ അനസ്തേഷ്യയ്ക്ക് ആവശ്യമായ സൗകര്യങ്ങളൊന്നുമില്ല. അതുകൊണ്ട് ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്യാൻ സാധ്യമല്ലായെന്നാണ് അവർ പറയുന്നത്. ഇങ്ങനെയൊരു ശോച്യാവസ്ഥയാണ് അവിടെയുള്ളത്. അത് പരിഹരിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ. പി. രാജേന്ദ്രൻ): സർ, നിലവിൽ തൃക്കരിപ്പൂർ സാമൂഹ്യക്ഷേമ ആരോഗ്യകേന്ദ്രം 13-9-2010-ലെ ഉത്തരവുപ്രകാരം താലൂക്ക് ആശുപത്രിയായി ഉയർത്തുകയും അവിടെ ഒരു പീഡിയാട്രീഷ്യനും ഒരു ഓർത്തോപീഡിസ്റ്റും മൂന്ന് അസിസ്റ്റന്റ് സർജൻമാരും ഒരു എൻ.ആർ.എച്ച്.എം. ഡോക്ടറും ഒരു സി.ആർ.എസ്. ഡോക്ടറുമടക്കം ഏഴ് ഡോക്ടർമാർ ജോലി ചെയ്യുകയും ചെയ്യുന്നുണ്ട്. ജൂനിയർ കൺസൾട്ടന്റുമാരിൽ ഒരാൾ (ഗൈനക്കോളജി) പ്രസവാവധിയിലാണ്. മറ്റു ജീവനക്കാരുടെ 25 തസ്തികകളിൽ ലാബ് ടെക്നീഷ്യൻ-1, ഹെഡ് നഴ്സ്-1 ഇങ്ങനെ രണ്ട് തസ്തികകളിൽ മാത്രമേ ആളില്ലാതെയുള്ളൂ. ഇപ്പോൾ കിടക്കകളുടെ എണ്ണം 42 ആണ്. ഇത് 100 ആക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അധിക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly